**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **10-06-2021 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എ. രാജ** | | **Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള സാക്ഷരതാ നിരക്ക് എത്രയാണെന്ന് അറിയിക്കാമോ; | (എ) | 2011 ലെ സെൻസസ് പ്രകാരം 93.91 ശതമാനമാണ് കേരളത്തിന്റെ സാക്ഷരതാ നിരക്ക്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് പ്രകാരം സാക്ഷരതാ നിരക്ക് 93.91 ശതമാനത്തിൽ നിന്നും 96.2 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാന ആസൂത്രണബോർഡിന്റെ കണക്ക് പ്രകാരം കേരളത്തിൽ ഇപ്പോഴും 18 ലക്ഷത്തോളം നിരക്ഷരർ ഉണ്ട്. ഇതിൽ കൂടുതലും ആദിവാസി, തീരദേശ മേഖലകളിൽ ഉള്ളവരാണ്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി കേരളത്തിലെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗം, തീരദേശം, ഭാഷാന്യൂന പക്ഷ മേഖലകളിൽ പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് താഴെപറയും പ്രകാരം പ്രത്യേക സാക്ഷരതാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ് - 1. 'അക്ഷരലക്ഷം' സാക്ഷരതാ പദ്ധതി 2. 'സമഗ്ര' പദ്ധതി (ആദിവാസിമേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി) 3. 'നവചേതന' പദ്ധതി (പട്ടികജാതി മേഖല കളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി) 4. വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതി. 5. അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി. 6. 2000 കോളനികളിലെ പ്രത്യേക സാക്ഷരതാ പരിപാടി (പട്ടികജാതി - പട്ടികവർഗ്ഗ, തീരദേശ മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി) 7. 'അക്ഷരശ്രീ' സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി. 8. 'അക്ഷര സാഗരം' പദ്ധതി (തീരദേശ മേഖല കളിലെ നിരക്ഷരത |

| | | | |
|---|---|---|---|
| | | | നിർമ്മാർജ്ജനം ചെയ്യുന്ന തിനുള്ള പ്രത്യേക സാക്ഷരതാപദ്ധതി) 9. ‘ചങ്ങാതി‘ പദ്ധതി (ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി) 10. ‘ആദിശ്രീ‘ പദ്ധതി (കണ്ണൂർ ജില്ലയിലെ ആറളം ഫാം ആദിവാസികൾക്കായുള്ള പ്രത്യേക സാക്ഷരതാപദ്ധതി) 11. ‘ജയിൽജ്യോതി‘ പദ്ധതി (നിരക്ഷരരായ ജയിൽ അന്തേവാസികൾക്കുള്ള പ്രത്യേക സാക്ഷരതാപദ്ധതി) 12. പരിസ്ഥിതി സാക്ഷരതാപദ്ധതി. 13. ഭരണഘടന സാക്ഷരതാപദ്ധതി. മേൽ പറഞ്ഞ പദ്ധതികളിൽ ‘അക്ഷരലക്ഷം‘ എന്ന പദ്ധതി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. മറ്റ് പദ്ധതികൾ തുടർപദ്ധതികളാണ്. ഈ പദ്ധതികളിലൂടെ സാക്ഷരത കൈവരിച്ചവർക്ക് സാക്ഷരതാമിഷൻ നടപ്പിലാക്കി വരുന്ന തുടർ വിദ്യാഭ്യാസ പരിപാടിയായ തുല്യതാ വിദ്യാഭ്യാസവും നല്കി വരുന്നു. |
| (സി) | ഇതിന്റെ ഭാഗമായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കിവരുന്ന സാക്ഷരതാ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാന ആസൂത്രണബോർഡിന്റെ കണക്ക് പ്രകാരം കേരളത്തിൽ ഇപ്പോഴും 18 ലക്ഷത്തോളം നിരക്ഷരർ ഉണ്ട്. ഇതിൽ കൂടുതലും ആദിവാസി, തീരദേശ മേഖലകളിൽ ഉള്ളവരാണ്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി കേരളത്തിലെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗം, തീരദേശം, ഭാഷാന്യൂന പക്ഷ മേഖലകളിൽ പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് താഴെപറയും പ്രകാരം പ്രത്യേക സാക്ഷരതാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ് - 1. ‘അക്ഷരലക്ഷം’ സാക്ഷരതാ പദ്ധതി 2. ‘സമഗ്ര’പദ്ധതി (ആദിവാസിമേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി) 3. ‘നവചേതന‘ പദ്ധതി (പട്ടികജാതി മേഖല കളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി) 4. വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതി. 5. അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി. 6. 2000 കോളനികളിലെ പ്രത്യേക സാക്ഷരതാ പരിപാടി (പട്ടികജാതി - പട്ടികവർഗ്ഗ, തീരദേശ മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി) 7. ‘അക്ഷരശ്രീ‘ സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി. 8. ‘അക്ഷര സാഗരം‘ പദ്ധതി (തീരദേശ മേഖല കളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്ന തിനുള്ള പ്രത്യേക സാക്ഷരതാപദ്ധതി) 9. ‘ചങ്ങാതി‘ പദ്ധതി (ഇതര |

| | | | |
|---|---|---|---|
| | | | സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി) 10. 'ആദിശ്രീ' പദ്ധതി (കണ്ണൂർ ജില്ലയിലെ ആറളം ഫാം ആദിവാസികൾക്കായുള്ള പ്രത്യേക സാക്ഷരതാപദ്ധതി) 11. 'ജയിൽജ്യോതി' പദ്ധതി (നിരക്ഷരരായ ജയിൽ അന്തേവാസികൾക്കുള്ള പ്രത്യേക സാക്ഷരതാപദ്ധതി) 12. പരിസ്ഥിതി സാക്ഷരതാപദ്ധതി. 13. ഭരണഘടന സാക്ഷരതാപദ്ധതി. മേൽ പറഞ്ഞ പദ്ധതികളിൽ 'അക്ഷരലക്ഷം' എന്ന പദ്ധതി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. മറ്റ് പദ്ധതികൾ തുടർപദ്ധതികളാണ്. ഈ പദ്ധതികളിലൂടെ സാക്ഷരത കൈവരിച്ചവർക്ക് സാക്ഷരതാമിഷൻ നടപ്പിലാക്കി വരുന്ന തുടർ വിദ്യാഭ്യാസ പരിപാടിയായ തുല്യതാ വിദ്യാഭ്യാസവും നല്കി വരുന്നു. |
| (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ, തീരദേശ മേഖലകൾക്ക് മുൻഗണന നൽകി ആവിഷ്കരിച്ചിട്ടുള്ള സാക്ഷരതാ പരിപാടികളുടെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | സംസ്ഥാന ആസൂത്രണബോർഡിന്റെ കണക്ക് പ്രകാരം കേരളത്തിൽ ഇപ്പോഴും 18 ലക്ഷത്തോളം നിരക്ഷരർ ഉണ്ട്. ഇതിൽ കൂടുതലും ആദിവാസി, തീരദേശ മേഖലകളിൽ ഉള്ളവരാണ്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി കേരളത്തിലെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗം, തീരദേശം, ഭാഷാന്യൂന പക്ഷ മേഖലകളിൽ പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് താഴെപറയും പ്രകാരം പ്രത്യേക സാക്ഷരതാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ് - 1. 'അക്ഷരലക്ഷം' സാക്ഷരതാ പദ്ധതി 2. 'സമഗ്ര' പദ്ധതി (ആദിവാസിമേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി) 3. 'നവചേതന' പദ്ധതി (പട്ടികജാതി മേഖല കളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി) 4. വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതി. 5. അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി. 6. 2000 കോളനികളിലെ പ്രത്യേക സാക്ഷരതാ പരിപാടി (പട്ടികജാതി - പട്ടികവർഗ്ഗ, തീരദേശ മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി) 7. 'അക്ഷരശ്രീ' സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി. 8. 'അക്ഷര സാഗരം' പദ്ധതി (തീരദേശ മേഖല കളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്ന തിനുള്ള പ്രത്യേക സാക്ഷരതാപദ്ധതി) 9. 'ചങ്ങാതി' പദ്ധതി (ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക |

| | | | |
|---|---|---|---|
| | | | സാക്ഷരതാ പദ്ധതി) 10. 'ആദിശ്രീ' പദ്ധതി (കണ്ണൂർ ജില്ലയിലെ ആറളം ഫാം ആദിവാസികൾക്കായുള്ള പ്രത്യേക സാക്ഷരതാപദ്ധതി) 11. 'ജയിൽജ്യോതി' പദ്ധതി (നിരക്ഷരരായ ജയിൽ അന്തേവാസികൾക്കുള്ള പ്രത്യേക സാക്ഷരതാപദ്ധതി) 12. പരിസ്ഥിതി സാക്ഷരതാപദ്ധതി. 13. ഭരണഘടന സാക്ഷരതാപദ്ധതി. മേൽ പറഞ്ഞ പദ്ധതികളിൽ 'അക്ഷരലക്ഷം' എന്ന പദ്ധതി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. മറ്റ് പദ്ധതികൾ തുടർപദ്ധതികളാണ്. ഈ പദ്ധതികളിലൂടെ സാക്ഷരത കൈവരിച്ചവർക്ക് സാക്ഷരതാമിഷൻ നടപ്പിലാക്കി വരുന്ന തുടർ വിദ്യാഭ്യാസ പരിപാടിയായ തുല്യതാ വിദ്യാഭ്യാസവും നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ